സ്മൃതിരേഖകൾ

■ പന്മന രാമചന്ദ്രൻ നായർ

# ശ്രീചട്ടമ്പിസ്വാമികളും എന്റെ അച്ഛനും

**ചട്ടമ്പിസ്വാമികളുടെ സന്തതസഹചാരിയായിരുന്ന തന്റെ അച്ഛൻ പറഞ്ഞ അനുഭവകഥകൾ ഓർക്കുകയാണ് ലേഖകൻ**



ശ്രീനാരായണഗുരു, ചട്ടമ്പിസ്വാമികൾ, തീർത്ഥപാദപരമഹംസർ

ചട്ടമ്പിസ്വാമികളെ അവസാനകാലത്ത് സദാ കൂടെനിന്നു ശുശ്രൂഷിച്ച പുണ്യവാനാണ് എന്റെ അച്ഛൻ കണ്ണകത്തു കുഞ്ചുനായർ. തിരുവനന്തപുരത്ത് എന്നോടൊപ്പം കഴിഞ്ഞ അച്ഛൻ 2000 ഒക്ടോബർ 25-ന് നൂറാം വയസ്സിൽ ചരമമടഞ്ഞു. അവസാനത്തെ മൂന്നു മാസത്തിനുമുൻപ് അച്ഛന്റെ ഓർമ്മയ്ക്കു ചെറിയ മങ്ങൽ പോലും സംഭവിച്ചിരുന്നില്ല. ഞാൻ കൊച്ചുകുട്ടിയായിരുന്നപ്പോൾമുതൽ അച്ഛനും അമ്മയും എന്നെ പന്മന ആശ്രമത്തിൽ കൊണ്ടുപോയിരുന്നു. ആദ്യകാലത്ത് അച്ഛൻ എന്നെ എടുത്തുപൊക്കി ക്ഷേത്രത്തിന്റെ മുൻഭാഗത്തുള്ള വലിയ മണി അടിപ്പിച്ചിരുന്നു. ആശ്രമത്തിന്റെ പൂമുഖത്തിരുന്നുള്ള അച്ഛന്റെ നാമജപത്തിലും ഭജനയിലും മറ്റു കുറെ കുട്ടികളോടൊപ്പം ഞാനും പങ്കെടുത്തിരുന്നു. പ്രൈമറി ക്ലാസ്സുകൾക്കുശേഷം ഞാൻ ആറു വർഷം ആശ്ര

മത്തിനു തൊട്ടു തെക്കുഭാഗത്തുള്ള സംസ്കൃത ഹൈസ്കൂളിലാണ് പഠിച്ചത്. വീട്ടുകുളത്തിലെ താമരപ്പൂക്കൾ തലേ ദിവസം പറിച്ചു താമരയിലയിൽ വച്ചിരുന്ന് മിക്ക ദിവസവും രാവിലെ ആശ്രമക്ഷേത്രത്തിൽ കൊടുത്തിട്ടാണ് സ്കൂളിലേക്ക് ഓടിയിരുന്നത്. അവിടെ നടക്കുന്ന എല്ലാ ഉത്സവങ്ങൾക്കും കഥകളിക്കും ഞാനുണ്ടായിരിക്കും. ചുരുക്കത്തിൽ, എന്റെ ബാല്യത്തിന്റെയും കൗമാരത്തിന്റെയും നല്ലൊരു ഭാഗം ചെലവഴിച്ചത് ആശ്രമാന്തരീക്ഷത്തിൽ ത്തന്നെയാണെന്നു പറയാം.

പലപ്പോഴായി ഞാൻ അച്ഛനോടു ചോദിച്ചറിഞ്ഞതും ചോദിക്കാതെതന്നെ അച്ഛൻ പറഞ്ഞുതന്നതുമായ കുറെ വിവരങ്ങൾ ഞാൻ അപ്പോഴപ്പോൾ കുറിച്ചിട്ടിരുന്നു. ഇവിടെ അവ തെരഞ്ഞെടുത്തവതരിപ്പിക്കുകയാണ്:

അച്ഛൻ ചട്ടമ്പിസ്വാമികളെ ആദ്യമായിക്കാണുന്നത് കൊല്ലവർഷം 1098 (1923) മീനമാസത്തിലാണ്. സ്വാമികളുടെ ശിഷ്യൻ നീലകണ്ഠ തീർത്ഥപാദസ്വാമികളുടെ കരുനാഗപ്പള്ളി താഴത്തോട്ടത്തെ സമാധിയിലേക്ക് കുമ്പളത്തു ശങ്കുപ്പിള്ളയുമൊത്താണ് സ്വാമികളെ കാണാൻ പോയത്. അന്ന് അച്ഛന് ഇരുപത്തിരണ്ടും കുമ്പളത്തിന് ഇരുപത്തഞ്ചും ആണ് പ്രായം. അധികം വൈകാതെ സ്വാമികൾ താഴത്തോട്ടത്തു നിന്ന് പന്മനയിലുള്ള കുമ്പളത്തു വീട്ടിലെത്തി. ഒരു മാസത്തിലധികം അവിടെ താമസിച്ചു. അക്കാലത്ത് സ്വാമികളുടെ സന്തതസഹചാരിയും പരിചാരകനും അച്ഛനായിരുന്നു. പിന്നീട്, "എല്ലാവരോടും യാത്ര പറഞ്ഞിട്ടു വരാം" എന്നു പറഞ്ഞ് സ്വാമികൾ തിരുവനന്തപുരത്തേക്കുപോയി.

1099 മീനത്തിൽ (1924) മടങ്ങിവന്ന സ്വാമികൾ പ്രാക്കുളത്തു തോട്ടുവയലിൽ വീട്ടിൽ കുറച്ചുനാൾ വിശ്രമിച്ചു. മേടം ആദ്യം പന്മനയിലുമെത്തി.

അച്ഛൻ കുമ്പളത്തിനെ 'അദ്യം' എന്നാണു പറയുക. 'അദ്യം' എന്നാൽ 'അദ്ദേഹം' തന്നെ. സ്വാമികൾ അദ്ദേഹത്തെ 'കാരണവർ' എന്നു വിളിച്ചിരുന്നല്ലോ. എന്താണു കാരണം?

"വളരെക്കുറഞ്ഞ പ്രായത്തിലേ ചുറ്റുവട്ടത്തുള്ള വഴക്കുകളും തർക്കങ്ങളുമെല്ലാം പറഞ്ഞുതീർക്കുന്നതിൽ അദ്ദേഹം സമർത്ഥനായിരുന്നു. പിന്നെ, കുമ്പളത്തു തറവാട്ടിലെ മൂപ്പനുമായിരുന്നു." അച്ഛൻ കൊല്ലക വടക്കേടത്തു പരമേശ്വരൻപിള്ള ഭാഗവതരുടെകൂടെ കുറെക്കാലം പാട്ടു പഠിച്ചിരുന്നതായി അമ്മ പറഞ്ഞിട്ടുണ്ട്. അതുകൊണ്ടാണോ സ്വാമികൾ അച്ഛനെ 'ഭാഗവതർ' എന്നു വിളിച്ചിരുന്നത്?

അങ്ങനെയല്ല. ഞാൻ പാട്ടു പഠിച്ചിട്ടുണ്ടെന്ന് ആരോ സ്വാമികളോടു പറഞ്ഞിട്ടുണ്ടാവണം. ഒരിക്കൽ കുമ്പളത്തു വീട്ടിൽ കട്ടിൽ പണിയാൻ വന്ന നീണ്ടകരക്കാരൻ കൊച്ചുപിള്ളയാശാരി സ്വാമികൾക്ക് ഒരു ഗഞ്ചിറ നിർമ്മിച്ചു കാഴ്ച വച്ചു. കൽക്കണ്ടവും മുന്തിരിങ്ങയും ഗഞ്ചിറയുംകൂടി ഒന്നിച്ചാണ് ഒരിലയിൽ വച്ചത്. സ്വാമികൾ ആദ്യം ഗഞ്ചിറ എടുത്തു. പുറത്ത് കുറച്ചകലെ നിന്നിരുന്ന എന്നെ സ്വാമികൾ ആളെ വിട്ടു വിളിപ്പിച്ചു. പാടാൻ പറഞ്ഞു. ഞാൻ ചില ഭജനപ്പാട്ടുകൾ പാടി. സ്വാമികൾക്ക് അതിഷ്ടപ്പെട്ടു. പിന്നീടൊരിക്കൽ, സ്വാമികൾ പ്രാക്കുളത്തു വന്നിട്ടുണ്ടെന്നറിഞ്ഞ്, എന്നാണു പന്മനയെത്തുക എന്നറിയാൻ 'അദ്യം' എന്നെ അങ്ങോട്ടയച്ചു. ഞാൻ ചെന്നത് രാവിലെയാണ്. സ്വാമികൾ ഒരിഡ്ഡലി എടുത്തു തന്നു. "നാടകത്തിൽ പാടിയിട്ടുണ്ടോ" എന്നു ചോദിച്ചു. (അതും നേരത്തേ ആരോ പറഞ്ഞുകൊടുത്തിരിക്കുന്നു.) 'നല്ലതങ്കാൾ' എന്ന നാടകത്തിൽ നല്ലതങ്കാളിന്റെ വേഷം കെട്ടിപ്പാടിയിട്ടുണ്ടെ'ന്നു പറഞ്ഞു. എന്നാൽ "അതൊക്കെപ്പാടൂ" എന്നായി സ്വാമികൾ. നല്ലതങ്കാളിന്റെ 'പ്രാണനാഥാ.......പ്രേമമില്ലയോ--പാർത്താൽ' എന്ന ഗാനം ആദ്യം പാടി. പിന്നെ ഞാൻ ആ നാടകത്തിലെ എല്ലാ കഥാപാത്രങ്ങളുടെയും പാട്ടുകൾ പാടി.

## സ്വാമികളുടെ സംഗീതജ്ഞാനം

സ്വാമികളുടെ അപാരമായ സംഗീതജ്ഞാനത്തിനുദാഹരണമായി ഒരിക്കൽ അച്ഛൻ ഒരു സംഭവം പറഞ്ഞു: "സ്വാമികൾ മഹാജ്ഞാനിയായിരുന്നു. ആ താളബോധവും ലയവും അദ്ഭുതകരം. ഒരിക്കൽ വടക്കേടത്തു പരമേശ്വരൻ പിള്ള ഭാഗവതർ, രാമസ്വാമി എന്നീ സംഗീതജ്ഞർ സ്വാമികളെ കാണാൻ വന്നു. ആറു കാലത്തിൽ വർണ്ണം പാടുന്ന ആളാണ് ഭാഗവതർ; രാമസ്വാമി വലിയ തവിൽവിദഗ്ധനും. സ്വാമികൾ അവരോട് 'ത്രിപുടയിൽ കുറെ ചൗക്കം കേട്ടാൽ കൊള്ളാം' എന്നു പറഞ്ഞു. സ്വന്തം ഗഞ്ചിറയെടുത്തു രാമസ്വാമിയുടെ കൈയിൽ കൊടുക്കുകയും ചെയ്തു. ഭാഗവതർ പാടി. രാമസ്വാമി ഗഞ്ചിറ കൊട്ടി. പക്ഷേ, പാട്ടിനൊപ്പിച്ചു ഗഞ്ചിറയിൽ വേണ്ടപോലെ ഇടംവച്ചു കൊട്ടാൻ രാമസ്വാമിക്കു കഴിഞ്ഞില്ല. സ്വാമികൾ കിടന്ന കിടപ്പിൽത്തന്നെ ഗഞ്ചിറ വാങ്ങി ഇടംവച്ചു കാണിച്ചു. രാമസ്വാമി ഒറ്റ വീഴ്ചയായിരുന്നു, സ്വാമികളുടെ മുൻപിൽ. "നീ മുരുകൻ, വേലായുധൻ" എന്നു പറഞ്ഞുകൊണ്ട് സാഷ്ടാംഗം നമസ്കരിച്ചു. തുടർന്ന് സ്വാമികൾ ഗഞ്ചിറയെടുത്തു കൊടുത്തപ്പോൾ രാമസ്വാമി തന്റെ തോർത്തുമുണ്ടിൽ അത് തൊഴുതു വാങ്ങിയ രംഗം ഞാൻ ഇപ്പോഴും ഓർക്കുന്നു."

സ്വാമികൾ എഴുതിയ ചില തമിഴ്കീർത്തനങ്ങൾ അവിടന്നുതന്നെ സംഗീതം പകർന്നത് അച്ഛനെ പഠിപ്പിച്ചിരുന്നു. അച്ഛൻ എന്നെയും ചിലതു പഠിപ്പിച്ചിട്ടുണ്ട്. എനിക്ക് ഓർമ്മയുള്ള ചില വരികൾ:

രാഗം– ചെഞ്ചുരുട്ടി.
ചെന്തിൽ മാനകരംതന്നിൽ മേവിയ
തേശികനാം മുരുകേശൻ--മയിൽ
വാശിയിലേറുമുല്ലാസൻ
രാഗം– പന്തുവരാളി
അരുൾജ്യോതി തൈവമെന്നൈ
ആണ്ടുകൊണ്ട തൈവം
അമ്പലത്തിലാടുകിൻറാർ
ആനന്തതൈവം
പൊറുത്താളും മറൈകളെല്ലാം
പോറ്റുകിൻറ തൈവം
പോതാന്ത തൈവമുയിർ
നാതാന്ത തൈവം.

സ്വാമികൾ പ്രാക്കുളത്ത് തോട്ടുവയലിൽ വീട്ടിൽ കഴിയുമ്പോൾ ശ്രീനാരായണഗുരു അദ്ദേഹത്തെ സന്ദർശിച്ചിരുന്നു. അന്നു ഞാൻ എന്തോ ആവശ്യത്തിന് പന്മനയിലേക്കു വന്നിരിക്കുകയാണ്. അതുകൊണ്ട് അന്നെടുത്ത ഗ്രൂപ്പ്ഫോട്ടോയിൽ ഞാനില്ല. പക്ഷേ, ആ ഫോട്ടോ വാങ്ങിക്കൊണ്ടുവരാൻ ഞാനാണ് പോയത്. ചട്ടമ്പിസ്വാമികൾ നടുക്കും ശ്രീ നാരായണഗുരുസ്വാമികളും തീർത്ഥപാദപരമഹംസസ്വാമികളും ഇരുവശത്തുമിരുന്നുള്ള ആ ഫോട്ടോ എടുത്തത് കൊല്ലക്കാരൻ രത്നസ്വാമിപ്പിള്ളയായിരുന്നു. ഞാൻ അദ്ദേഹത്തിന്റെ സ്റ്റുഡിയോയിൽ എത്തുന്നതിനുമുൻപ്, ചിലർ വന്നു പണം തന്ന് നെഗറ്റീവ് വാങ്ങിക്കൊണ്ടുപോകാൻ ശ്രമം നടത്തിയതായി രത്നസ്വാമിപ്പിള്ള എന്നോടു പറഞ്ഞു. പക്ഷേ, അദ്ദേഹം

അതിനു തയാറാകാഞ്ഞതുകൊണ്ട് ആ ഫോട്ടോ നഷ്ടപ്പെട്ടില്ല.

സ്വാമികളുടെ ദിനചര്യയെപ്പറ്റി പല പ്പോഴായി അച്ഛൻ പറഞ്ഞ കാര്യങ്ങൾ: 1098-ൽ പന്മനയിൽ കഴിയുമ്പോൾ രാത്രി ഉറക്കം കുമ്പളത്തുവീട്ടിലായിരുന്നു. രാവിലെ കഞ്ഞി കുടിച്ചതിനുശേഷം വയലിനു പടിഞ്ഞാറുള്ള കാവിലേക്കു പോകും. അവിടെ വള്ളിപ്പടർപ്പുകളുടെ തണലിൽ ചൂരൽക്കട്ടിലിൽ കിടക്കും. ഉച്ചയ്ക്കു കുമ്പളത്തുനിന്ന് വാട്ടിയ ഇലയിൽ കുറച്ചു ചോറും കറികളും പൊതിഞ്ഞുകെട്ടിക്കൊണ്ടുവരും. ഇതു ഞാൻ തന്നെ കൊണ്ടുവരണമെന്നു നിർബന്ധമാണ്. ഊണിനൊപ്പം, പപ്പടം പൊടിച്ച് ഇലയിൽ പൊതിഞ്ഞ് പ്രത്യേകം കൊണ്ടുവരണം. അതു കുറേശ്ശെ എടുത്ത് പ്രസാദംപോലെ അവിടെയുള്ളവർക്കെല്ലാം വിതരണം ചെയ്തശേഷമേ ഊണു കഴിക്കൂ. സ്വാമികൾക്ക് വെയിൽ തീരെ സഹിച്ചുകൂടാ. വൈകീട്ട് വെയിൽ മങ്ങിയതിനുശേഷം എന്നെയും കൂട്ടി നടക്കാനിറങ്ങും. വൈകുന്നേരം പ്രത്യേകിച്ചൊരു ലക്ഷ്യവുമില്ലാത്ത നടപ്പാണ്. അകമ്പടിക്കാരനായി കുടപിടിച്ചുകൊണ്ട് കൂടെ നടന്ന എന്നെ പല യുവാക്കളും അസൂയയോടെയാണു നോക്കിയിരുന്നത്.

അമ്മ എന്നോടു പറഞ്ഞിട്ടുണ്ട്, സ്വാമികളുടെ അടുത്തുനിന്ന് കുട്ടികൾക്കു മുന്തിരിങ്ങയും കൽക്കണ്ടവും വിതരണം ചെയ്യുന്ന ആളായിട്ടാണ് അച്ഛനെ ആദ്യം കണ്ടതെന്ന്. അതിനെപ്പറ്റി അച്ഛൻ പറഞ്ഞു: സ്വാമികൾ വിശ്രമിച്ചിരുന്ന കാവിന് അല്പം തെക്കുമാറിയാണല്ലോ പ്രൈമറി പെൺപള്ളിക്കൂടം. അവിടത്തെക്കുട്ടികൾ ഇടയ്ക്കിടയ്ക്ക് സ്വാമികളുടെ അടുത്തുവരും. അവരെ തന്റെ ചുറ്റുമിരുത്തി സ്വാമികൾ പാട്ടുകൾ പാടിക്കും. "നിങ്ങൾ എന്നെ അനുഗ്രഹിച്ചല്ലോ. ഇനി ഞാൻ നിങ്ങളെ അനുഗ്രഹിക്കാം" എന്നു പറഞ്ഞ്, അവിടെ സൂക്ഷിച്ചിട്ടുള്ള ഉണക്കമുന്തിരിങ്ങയും കൽക്കണ്ടവും അവർക്കു നല്കും. എന്നെക്കൊണ്ടാണ് അത് അവർക്കെല്ലാം കൊടുപ്പിക്കുന്നത്.

അങ്ങനെ സ്വാമികളുടെ മുന്നിൽ പാട്ടുപാടിയിട്ട് അനുഗ്രഹമായി മുന്തിരിങ്ങയും കൽക്കണ്ടവും വാങ്ങിയ ഒരു പെൺകുട്ടിയെയാണ് അവൾക്കു പതിനഞ്ചുവയസ്സായപ്പോൾ അച്ഛൻ വിവാഹം ചെയ്തത്. മറ്റുള്ളവർ കാൺകെയുള്ള പൂജയും ധ്യാനവുമൊന്നും സ്വാമികൾക്ക് അന്നില്ലായിരുന്നു. സ്വാമികൾ അത്തരം ആചാരങ്ങൾക്കൊക്കെ അതീതനായിരുന്നല്ലോ. ഇടയ്ക്കിടെ, നല്ല നെയ്യ് ജീരകമിട്ടു മൂപ്പിച്ചു തലയിൽ തേച്ചു പിടിപ്പിച്ചിരുന്നു. പാല് എല്ലാ ദിവസവും വേണം. രോഗികളായ പലരും സൗഖ്യത്തിനായി വന്നു കണ്ടിരുന്നു. അവരുടെ മുജ്ജന്മവിവരണം മിക്കവരോടും നടത്തും; സാന്ത്വനവാക്കുകൾ നല്കും. വളരെയധികംപേർക്കു രോഗശമനമുണ്ടായതായി കേട്ടിട്ടുണ്ട്.

## സ്വാമികളുടെ സമാധിസ്ഥാനം

''സമാധിസ്ഥാനം സ്വാമികൾ മുൻകൂട്ടി നിശ്ചയിച്ചിരുന്നോ?'' – ഒരിക്കൽ ഞാൻ ചോദിച്ചു.

നിശ്ചയിച്ചിരുന്നതായി വേണം മനസ്സിലാക്കാൻ. ഒരിക്കൽ സ്വാമികളോടൊപ്പം ഞാനും കുമ്പളത്തു ശങ്കുപ്പിള്ള, പന്നിശ്ശേരിൽ നാണുപിള്ള, കരിങ്ങാട്ടിൽ പപ്പുപിള്ള ശാസ്ത്രി, മഠത്തിൽ ശങ്കുപ്പിള്ള മുൻഷി തുടങ്ങിയവരും, അടുത്തുതന്നെയുള്ള മറ്റൊരു വിശാലമായ കാവു സന്ദർശിച്ചു. അവിടമെല്ലാം ചുറ്റിനടന്നു കണ്ടതിനുശേഷം സ്വാമികൾ പറഞ്ഞു: "ഇവിടം നമുക്കിരിക്കാൻ കൊള്ളാം." സമാധിയെപ്പറ്റിയാണ് സ്വാമികൾ സൂചിപ്പിക്കുന്നതെന്ന് ഞങ്ങൾക്കു മനസ്സിലായി. സമയമടുക്കുന്നതായി സ്വാമികൾ മനസ്സിലാക്കിയിരുന്നുവെന്നു തീർച്ച. അതിനടുത്ത ദിവസമായിരുന്നു തിരുവനന്തപുരത്തേക്കുള്ള യാത്ര. സ്വാമികളെ പിരിയുന്നതിന്റെ സങ്കടം എല്ലാവരും ഉണർത്തിച്ചപ്പോൾ അവിടന്ന് സമാശ്വസിപ്പിച്ചു: "ചാവാൻ നേരം കിളവനിങ്ങുവരാം കാരണവരേ!" എല്ലാവരുടെയും കണ്ണു നിറഞ്ഞു.

തിരുവനന്തപുരം യാത്രയിലും സ്വാമികൾ എന്നെ ഒപ്പം കൂട്ടി. സഹായിയായിട്ടല്ല, മറിച്ച് എനിക്കൊരു സഹായമരുളാൻ. എന്നുവച്ചാൽ സംഗീതവാസനയുള്ള ശിഷ്യന് ഉത്തമനായ ഒരു ഗുരുവിനെ നൽകുക. സുപ്രസിദ്ധ സംഗീതജ്ഞൻ ടി. ലക്ഷ്മണൻപിള്ളയായിരുന്നു സ്വാമികളുടെ മനസ്സിലുള്ള ഗുരു. പിള്ള സ്വാമിയുടെ വിനീത ശിഷ്യൻ. 'പായെടുക്കൂ ലക്ഷ്മണാ'-എന്നു പറയാനായി 'പാ' എന്നുച്ചരിക്കുമ്പോഴേ ലക്ഷ്മണൻ പാടിത്തുടങ്ങും എന്നാണ് സ്വാമിയുടെ ഒരു നേരമ്പോക്ക്. പക്ഷേ, ഭാഗ്യം എന്നോടൊപ്പമില്ലായിരുന്നു. ജീവകാരുണ്യസഭയുടെ പ്രവർത്തനങ്ങളിൽ മുഴുകിയിരുന്ന ലക്ഷ്മണൻ പിള്ള സംഘടനാപ്രവർത്തനവുമായി ബന്ധപ്പെട്ട് ഊരുചുറ്റലിലായിരുന്നു. നിരാശനായ ഞാൻ കുറെ ദിവസംകൂടി അവിടെ തങ്ങിയശേഷം സ്വാമിയുടെ നിർദ്ദേശമനുസരിച്ച് മടങ്ങിപ്പോന്നു.

'സ്വാമികൾ വീണ്ടും പന്മനയ്ക്കു വരാനുണ്ടായ സാഹചര്യം എന്താണെ'ന്ന് ഒരിക്കൽ ഞാൻ ചോദിച്ചു. ''തിരുവനന്തപുരത്തുവച്ച് ഉദരസംബന്ധമായ അസുഖങ്ങൾ സ്വാമിയെ വല്ലാതെ അലട്ടിത്തുടങ്ങി. പക്ഷേ, മരുന്നൊന്നും കഴിക്കാൻ കൂട്ടാക്കിയിരുന്നില്ല. ആയുർവേദകോളേജ് പ്രിൻസിപ്പൽ ഡോ. കെ.ജി. ഗോപാലപിള്ള ചില മരുന്നുകളൊക്കെ പരീക്ഷിച്ചു. ഒന്നും ഫലവത്തായില്ല. തിരിച്ചു പന്മനയിലേക്കു മടങ്ങണമെന്ന മോഹവും കലശലായി." പ്രാക്കുളത്ത് തോട്ടുവയലിൽ കഴിയുമ്പോഴും ഉദരരോഗമുണ്ടായിരുന്നു. പലരും കഷായങ്ങളുണ്ടാക്കി കൊണ്ടുവന്നു. അവരോടൊക്കെ "എനിക്കെന്തിനാ ഇനി മരുന്ന്?" എന്നായിരുന്നു ചോദ്യം. തോട്ടുവയലിൽ സ്വാമികളെ വന്നു കണ്ടശേഷം മടങ്ങുംവഴി ശ്രീനാരായണഗുരുവും 'സിദ്ധമകരദ്ധ്വജം' വാങ്ങിക്കൊടുത്തയച്ചു. അപ്പോഴും അതേ ചോദ്യമായിരുന്നു.

"ഇവിടം നമുക്കിരിക്കാൻ കൊള്ളാം" എന്നു സ്വാമികൾ അരുളിച്ചെയ്ത സ്ഥലത്തുതന്നെ സ്വാമികളെ സമാധിയിരുത്തണമെന്നു ശിഷ്യന്മാർ തീരുമാനിച്ചു. പക്ഷേ, ആ കാവിരുന്ന സ്ഥലം മറ്റൊരാളിന്റെ കൈവശമായിരുന്നു. സ്ഥലത്തിന്റെ ഉടമസ്ഥൻ അവിടം വിട്ടുകൊടുക്കാൻ വിസമ്മതിച്ചു. ഇനി "സമാധി കണ്ടതിനുശേഷം താങ്കൾ തീരുമാനിച്ചാൽ മതി" എന്നായി 'അദ്യം'.

സ്വാമികൾ തിരുവനന്തപുരത്തുതന്നെ താമസിക്കണമെന്ന് അവിടത്തെ ശിഷ്യർ നിർബന്ധിച്ചിട്ടും അവിടന്ന് പന്മനയിലെത്തി. പിന്നെ, കൊല്ലത്തേക്കു കൊണ്ടുപോകാൻ ചില ശിഷ്യർ ശ്രമിച്ചു. പരമഹംസസ്വാമികളെക്കൊണ്ട് ശുപാർശയും നടത്തിച്ചു. നിർബന്ധം സഹിക്കവയ്യാതായപ്പോൾ, "മൂന്നു ദിവസം കഴിഞ്ഞു വരാം" എന്നു പറഞ്ഞ് അവരെ മടക്കി. (മൂന്നാം ദിവസം സമാധിയായല്ലോ.)

പന്മന സി. പദ്മനാഭപിള്ള സ്മാരക വായനശാലയിലാണ് സ്വാമികളെ എത്തിച്ചത്. അങ്ങനെ അന്ത്യനാളുകളിൽ വീണ്ടും സ്വാമികളെ ശുശ്രൂഷി

തലമുറകളുടെ പുണ്യം: അച്ഛൻ കണ്ണകത്തു കുഞ്ചുനായരോടൊപ്പം പന്മനയും കുടുംബവും



**ചട്ടമ്പിസ്വാമികൾ നടുക്കും ശ്രീ നാരായണഗുരുസ്വാമികളും തീർത്ഥപാദ പരമഹംസസ്വാമികളും ഇരുവശത്തുമിരുന്നുള്ള ആ ഫോട്ടോ എടുത്തത് കൊല്ലംകാരൻ രത്നസ്വാമിപ്പിള്ളയായിരുന്നു. ഞാൻ അദ്ദേഹത്തിന്റെ സ്റ്റുഡിയോയിൽ എത്തുന്നതിനുമുൻപ്, ചിലർ വന്നു പണം തന്ന് നെഗറ്റീവ് വാങ്ങിക്കൊണ്ടുപോകാൻ ശ്രമം നടത്തിയതായി രത്നസ്വാമിപ്പിള്ള എന്നോടു പറഞ്ഞു.**

ക്കാനുള്ള ഭാഗ്യം എനിക്കു ലഭിച്ചു. സ്വർഗ്ഗാരോഹണസമയമടുത്തതായി തോന്നിയതിനാൽ ശിഷ്യന്മാർ എല്ലാവരും എത്തിച്ചേർന്നിരുന്നു. തീർത്ഥപാദപരമഹംസർ, പന്നിശ്ശേരി, പി. കെ. നാരായണനുണ്ണിത്താൻ, പദ്മനാഭപ്പണിക്കർ......

## മഹാസമാധി

മൂന്നാം ദിവസം നാലുമണിയോടെ എന്നെയൊന്നെഴുന്നേല്പിച്ചിരുത്തണമെന്ന് സ്വാമികൾ അരുളിച്ചെയ്തു. ഞങ്ങൾ അനുസരിച്ചു. പദ്മാസനത്തിൽ നാലഞ്ചു മിനിട്ട്. ആ ദിവ്യാത്മാവ് ബ്രഹ്മപദം പൂകി. ഞങ്ങൾ ചുറ്റും നിശ്ചേഷ്ടരായി നിന്നു, ഒന്നു തേങ്ങിക്കരയാൻ പോലുമാവാതെ.

ആ കാവിന്റെ ഉടമസ്ഥനെ 'കാരണവർ' ആളയച്ചു വരുത്തി. സമാധിസ്ഥനായ തിരുവടികളെ ചെന്നു കാണാൻ പറഞ്ഞു. അദ്ദേഹം സമാധികണ്ടുവണങ്ങി. പുറത്തേക്കുവന്ന് അപ്പോൾത്തന്നെ, സ്ഥലം വിട്ടുകൊടുക്കാൻ സമ്മതിക്കുകയും ചെയ്തു. ചട്ടമ്പിസ്വാമികളെ ആ കാവിൽത്തന്നെ സമാധിയിരുത്തി. അവിടെ പിന്നീട് ക്ഷേത്രവും നിർമ്മിച്ചു. ഒരു മാസത്തോളം അവിടെ വിളക്കു കൊളുത്താനുള്ള ഭാഗ്യവും എനിക്കു ലഭിച്ചു. ഒരിക്കൽ ഞാൻ അച്ഛനോടു ചോദിച്ചു: സ്വാമികളോടൊന്നിച്ചു കഴിഞ്ഞിരുന്നതിനിടയിലെ മറക്കാനാവാത്ത എന്തെങ്കിലും അനുഭവം പറയാനുണ്ടോ?

ഉണ്ട്. ഒരിക്കൽ ഞാൻ ഒരനുസരണക്കേടു കാണിച്ചു. സി. പദ്മനാഭപിള്ള സ്മാരകവായനശാലയിൽ തിരുവടികൾ കഴിയുന്ന സമയം. പുറത്തുനിന്ന എന്നെ സ്വാമികൾ വിളിപ്പിച്ചു. കട്ടിലിൽ കൂടെയിരുന്ന് ശരീരം തടവാനായിരുന്നു നിർദ്ദേശം. ഉള്ളംകൈയൂടെ ചൂടുതട്ടുമ്പോൾ അല്പമൊരാശ്വാസം കിട്ടുമെന്നതിനാലാണ്. പക്ഷേ, ഞാനാകെ അമ്പരന്നു. ഞാൻ സ്വാമികളുടെ കട്ടിലിൽ കൂടെ ഇരിക്കുകയോ! അടുത്ത ശിഷ്യനായ പരമഹംസർപോലും കാൽക്കൽനിന്ന് 'അടിയൻ' എന്നും മറ്റുമേ പറയാറുള്ളൂ. ആ നിലയ്ക്ക് ഞാനെങ്ങനെ ഒപ്പം കേറി ഇരിക്കും? ഞാൻ പുറത്തേക്ക് ഇറങ്ങിപ്പോയി. കുറച്ചുസമയം കഴിഞ്ഞു. പിന്നെ പരമഹംസർ വന്ന് നിർബന്ധിച്ചു കൈപിടിച്ചാണ് എന്നെ അകത്തേക്കു കൊണ്ടുപോയത്. ഞാൻ അറച്ചറച്ച് കട്ടിലിലിരുന്നു തടവി. സ്വാമികൾ എന്നെ ഒന്നു നോക്കിയതല്ലാതെ ഒന്നും പറഞ്ഞില്ല.

ഹൈന്ദവജനതയുടെ സമുദ്ധാരണം ഒരു വലിയ ആവശ്യമായി ചട്ടമ്പിസ്വാമികൾ കണ്ടു. ഏറ്റവും വലിയ വിപത്ത് ജാതീയമായ ഉച്ചനീചഭേദമായിരുന്നു. ജാതികളും ഉപജാതികളും അവ തമ്മിലുള്ള സ്പർദ്ധയും സമൂഹത്തിൽ വരുത്തുന്ന കെടുതികൾ ദുസ്സഹമായിരുന്നു. ഇതിനെതിരെയുള്ള തൻെറ നിലപാട് സ്വാമികൾ വളരെമുൻപേ സ്വജീവിതചര്യയിലൂടെത്തന്നെ പ്രഖ്യാപിക്കുകയുണ്ടായി.

രാമൻപിള്ളയാശാന്റെ വിദ്യാലയത്തിൽ പഠിക്കുന്നകാലത്ത് പേട്ടയിലുള്ള പല ഈഴവഭവനങ്ങളിലായിരുന്നു ചട്ടമ്പിയായ (മോണിട്ടർ) കുഞ്ഞന്റെ ഊണും ഉറക്കവും. ഈ വിവരം സഹപാഠികൾ പറഞ്ഞറിഞ്ഞ ആശാൻ വിളിച്ചുചോദിച്ചപ്പോൾ കിട്ടിയ മറുപടി ആശാൻെറ വായടപ്പിച്ചുകളഞ്ഞു: "അതിനെന്താ ആശാനേ, ആശാന്റെ വീട്ടിൽനിന്നു ഞാൻ ആഹാരം കഴിക്കുന്നില്ലേ?" ■

**അവസാനിച്ചു**